## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 7621 15.07.2014 -ലെ മറുപടിക്ക്

**നദീജല സംയോജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ നിലപാട്**

| ചോദ്യം<br>ശ്രീ. മുല്ലക്കര രത്നാകരൻ | | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കേന്ദ്ര സർക്കാർ നദീജലസംയോജന പദ്ധതി നടപ്പാക്കുന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റെ നിലപാട് എന്തായിരിക്കണം എന്ന് തീരുമാനിച്ചിട്ടുണ്ടോ ; | (എ) | ഭരണഘടനയനുസരിച്ച് ജലവുമായി ബന്ധപ്പെട്ട കാര്യങ്ങൾ “ഒരു സംസ്ഥാനവിഷയം ” എന്ന രീതിയിൽ കൈകാര്യം ചെയ്യേണ്ട സംഗതികളാണ്. അതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റേതെങ്കിലും സംസ്ഥാനത്തിലേക്ക് തിരിച്ചുവിടണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിയമപരമായ അധികാരം കേരളസർക്കാരിന് തന്നെയാണെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. നദീസംയോജന പദ്ധതികൾ നടപ്പാക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടില്ല. പമ്പ - അച്ചൻകോവിൽ -വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായി ഉപേക്ഷിക്കണമെന്ന് 11-ാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ കേരള നിയമസഭ പ്രമേയവും പാസ്സാക്കിയിട്ടുണ്ട്. |
| (ബി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാനം മുന്നോട്ടുവച്ചിട്ടുണ്ടോ; വിശദാംശങ്ങൾ | (ബി) | നദീജല സംയോജനപദ്ധതികൾ കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതികളോട് സംസ്ഥാനത്തിന് |

ലഭ്യമാക്കുമോ?

യോജിപ്പില്ലായെന്നുള്ള കാര്യം ദേശീയജലവികസന ഏജൻസിയുടെ വിവിധയോഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സാദ്ധ്യമായ വേദികളിലെല്ലാം സംസ്ഥാനസർക്കാർ ശക്തമായ ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ പമ്പ - അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതിയെ മുൻഗണനാലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നതിന് NWDA നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീജലസംയോജന പദ്ധതികൾ സംബന്ധിച്ചുള്ള തുടർനടപടികൾ ആരംഭിക്കുകയില്ലായെന്നുള്ള നിലപാടാണ് NWDA സ്വീകരിച്ചിരുന്നത്. ഇക്കാര്യത്തിലുള്ള സംസ്ഥാനസർക്കാരിന്റെ വിയോജിപ്പ് സാദ്ധ്യമായ വേദികളിലെല്ലാം തന്നെ ഇനിയും വ്യക്തമാക്കാൻ കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ